**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2058** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>എന്റെ കേരളം പോർട്ടൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. സണ്ണി ജോസഫ് (മുഖ്യമന്ത്രി)

**(എ)** എന്റെ കേരളം പോർട്ടൽ പദ്ധതിയുടെ ഭാഗമായി സി-ഡിറ്റിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്ട്രാറ്റജി & കമ്മ്യൂണിക്കേഷൻ ടീമിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ വിശദീകരിക്കാമോ; പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതുവരെ പൂർത്തിയാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാന സർക്കാരിന്റെ വികസനക്ഷേമ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ സമയബന്ധിതമായി ജനങ്ങളിൽ എത്തിക്കുക, സർക്കാരും ജനങ്ങളുമായുള്ള ആശയവിനിമയത്തിനായി സാമൂഹ്യമാധ്യമങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക, ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തം വർധിപ്പിക്കുക എന്നതാണ് ടീമിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 25.10.2024-ലെ സ.ഉ.(കൈ ) നം.10/2024/ഐ&പി.ആർ.ഡി, 05.05.2025-ലെ സ.ഉ(കൈ)നം. 4/2025/ഐ&പി.ആർ.ഡി, 28.06.2025-ലെ സ.ഉ.(കൈ)നം.5/2025/ഐ&പി.ആർ.ഡി, 21.01.2026-ലെ സ.ഉ.(കൈ)നം.1/2026/ഐ&പി.ആർ.ഡി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്റെ കേരളം പോർട്ടൽ (www.entekeralamkerala.gov.in) വഴി നടത്തി വരുന്ന ക്വിസ്സുകൾ (quiz), പോളുകൾ (polls), മത്സരങ്ങൾ, ചർച്ചകൾ, പ്രതിജ്ഞകൾ എന്നിവയിലൂടെ സർക്കാരിന്റെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരാൻ ജനങ്ങൾക്ക് സാധിക്കും. സർക്കാരിന്റെ പ്രധാന നേട്ടങ്ങൾ, ലഭിച്ച പുരസ്കാരങ്ങൾ, വിവിധ മേഖലകളിൽ കേരളം രാജ്യത്ത് ഒന്നാമതെത്തിയതിന്റെ വിവരങ്ങൾ, മറ്റ് സംസ്ഥാനങ്ങളുമായുള്ള താരതമ്യ പഠനങ്ങൾ എന്നിവയും ഇതു വഴി ക്രിയാത്മകമായി അവതരിപ്പിച്ചുവരുന്നു.

**(ബി)** പ്രസ്തുത പദ്ധതിക്കായി സർക്കാർ കിഫ്ബി മുഖേന ആകെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ എത്ര തുകയാണ് ഇതിനോടകം സി-ഡിറ്റിന് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 25.10.2024-ലെ സ.ഉ. (കൈ)നം.10/2024/ഐ&പി.ആർ.ഡി പ്രകാരം 10,47,48,600/- (പത്ത് കോടി നാൽപത്തിയേഴ് ലക്ഷത്തി നാൽപ്പത്തി എട്ടായിരത്തി അറുന്നൂറ് രൂപ മാത്രം) രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ സി-ഡിറ്റിന് 1,39,83,000/-രൂപ കൈമാറിയിട്ടുണ്ട്.

**(സി)** സ്പെഷ്യൽ സ്ട്രാറ്റജി & കമ്മ്യൂണിക്കേഷൻ ടീം എന്ന പേരിൽ രൂപീകരിച്ച ടീം എന്തുകൊണ്ടാണ് പുതുതായെടുത്ത പ്രത്യേക വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** നിലവിൽ സി-ഡിറ്റ് ഓഫീസുകളിലെ സ്ഥലപരിമിതി കാരണമാണ് സ്പെഷ്യൽ സ്ട്രാറ്റജി & കമ്മ്യൂണിക്കേഷൻ ടീം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്.

**(ഡി)** പ്രസ്തുത പദ്ധതിയോട് അനുബന്ധിച്ച് എത്ര ജീവനക്കാരെ പുതുതായി ജോലിക്ക് എടുത്തിട്ടുണ്ടെന്ന് തസ്തികയും വേതനവും തിരിച്ച് അറിയിക്കാമോ; പുതുതായി നിയമിതരായവർക്ക് പുറമെ, നിലവിൽ ഇതിന്റെ ഭാഗമായി സേവനമനുഷ്ഠിക്കുന്ന മറ്റ് ജീവനക്കാരുടെ പേര്, തസ്തിക, അവർക്ക് നൽകിയിട്ടുള്ള ചുമതലകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**മറുപടി:** പദ്ധതിയുമായി ബന്ധപ്പെട്ട് നിയമിച്ച ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ഇതിനു പുറമെ, മറ്റ് ജീവനക്കാരാരും സേവനം അനുഷ്ഠിക്കുന്നില്ല.

**(ഇ)** രാഷ്ട്രീയ ലക്ഷ്യങ്ങൾക്കാണ് ഇത്തരത്തിൽ ഒരു പ്രത്യേക ടീം പ്രവർത്തിക്കുന്നതെന്ന് കരുതുന്നുണ്ടോ; പ്രസ്തുത ടീമിന്റെ ഡെപ്യൂട്ടി ഡയറക്ടറുടെ മേൽനോട്ടത്തിലുള്ള ഇൻഫോർമാറ്റിക്സ്, വെബ് സർവീസസ് എന്നീ വിഭാഗങ്ങൾ 2016 മുതൽ 2025 വരെയുള്ള കാലയളവിൽ വരുത്തിവെച്ചിട്ടുള്ള സാമ്പത്തിക നഷ്ടം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

**മറുപടി:** ഇല്ല. 2016 മുതൽ 2024 വരെയുള്ള ഓഡിറ്റ് ചെയ്ത ഇൻഫോർമാറ്റിക്സ്, വെബ് സർവീസസ് വിഭാഗങ്ങളുടെ വരവ് ചെലവ് കണക്ക് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

# CENTRE FOR DEVELOPMENT OF IMAGING TECHNOLOGY (C-DIT)

**Audited Income & Expenditure Statement of Informatics Division**

| | Income | Expenditure | Surplus / Deficit for the Year |
|---|---|---|---|
| 2016-17 | 3,53,64,938.50 | 3,09,94,263.57 | 43,70,674.93 |
| 2017-18 | 5,31,36,476.62 | 4,65,60,685.35 | 65,75,791.27 |
| 2018-19 | 2,28,15,551.00 | 5,86,30,649.08 | -3,58,15,098.08 |
| 2019-20 | 1,05,84,827.00 | 3,16,40,042.03 | -2,10,55,215.03 |
| 2020-21 | 1,51,95,129.00 | 2,31,68,098.03 | -79,72,969.03 |
| 2021-22 | 1,57,07,182.00 | 2,90,74,827.87 | -1,33,67,645.87 |
| 2022-23 | 2,89,53,598.26 | 2,93,56,060.06 | -4,02,461.80 |
| 2023-24 | 3,22,54,495.00 | 4,36,28,442.00 | -1,13,73,947.00 |

**Audited Income & Expenditure Statement of Web Service Division**

| | Income | Expenditure | Surplus / Deficit for the Year |
|---|---|---|---|
| 2016-17 | 1,46,28,850.00 | 1,58,76,043.25 | -12,47,193.25 |
| 2017-18 | 2,82,19,125.63 | 3,08,04,113.00 | -25,84,987.37 |
| 2018-19 | 3,37,63,437.00 | 3,16,64,342.79 | 20,99,094.21 |
| 2019-20 | 1,99,18,910.70 | 2,90,29,849.82 | -91,10,939.12 |
| 2020-21 | 2,66,87,124.76 | 2,91,80,702.00 | -24,93,577.24 |
| 2021-22 | 4,52,93,779.50 | 5,20,35,116.00 | -67,41,336.50 |
| 2022-23 | 5,97,58,439.54 | 7,57,73,429.37 | -1,60,14,989.83 |
| 2023-24 | 9,38,45,219.00 | 8,88,92,647.00 | 49,52,572.00 |